"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ശ്രീമതി. ജെസ്സി. ഇ.എസ്, ശ്രീ. അലി. കെ എന്നീ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂഎ) വകുപ്പ്

G.O.(Rt) No.1725/2021/LSGD തീയതി,തിരുവനന്തപുരം, 10/09/2021

പരാമർശം:-

1. സ.ഉ(സാധാ) നം.2218/2018/തസ്വഭവ തീയതി 09.08.2018.
2. സ.ഉ(സാധാ) നം.2928/2018/തസ്വഭവ തീയതി 15.11.2018.
3. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 05.08.2019, 28.07.2021 എന്നീ തീയതികളിലെ ഇ1/6559/2018/സി.ഇ/തസ്വഭവ നമ്പർ കത്തുകൾ.

ഉത്തരവ്

ശ്രീമതി. ജെസ്സി. ഇ.എസ്, ശ്രീ. അലി. കെ എന്നിവർ പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയറായി സ്ഥാനക്കയറ്റം ലഭിക്കുകയും യഥാക്രമം 23.08.2018 പൂർവ്വാഹ്നം, 16.11.2018 അപരാഹ്നം തീയതികളിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയുമുണ്ടായി. ടിയാളുകളുടെ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിക്കുന്നതിനായി തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം(3) കത്ത് പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചു.

ശ്രീ. അലി. കെ പ്രൊബേഷൻ കാലയളവിൽ പ്രൊബേഷനെ ബാധിക്കുന്ന അവധികളൊന്നും വിനിയോഗിച്ചിട്ടില്ല. എന്നാൽ, ശ്രീമതി. ജെസ്സി. ഇ.എസ് 21.12.2018 മുതൽ 02.01.2019 വരെ 13 ദിവസത്തെ പരിവർത്തനാവധി വിനിയോഗിച്ചിട്ടുണ്ട്. ടിയാളുകളുടെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്ന് അവരുടെ മേൽ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ശ്രീമതി. ജെസ്സി. ഇ.എസ്, ശ്രീ. അലി. കെ എന്നിവരുടെ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 20(ബി) പ്രകാരം യഥാക്രമം 08.03.2019 പൂർവ്വാഹ്നം, 17.05.2019 പൂർവ്വാഹ്നം, തീയതികളിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
T Mayo Bhaskar
Under Secretary

പകർപ്പ് :

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന)
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(മറുപുറം)

5. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Sreekanth G
Date: 13-09-2021 11:09:03
Reason: Approved

സെക്ഷൻ ഓഫീസർ